കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് - 2016-17 വർഷം പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരുന്നതും കോഴ്സ് കഴിഞ്ഞതുമായ നാല്ല കുട്ടികൾക്കു കൂടി ലാപ് ടോപ്പ് നല്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.2639/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 29.07.2017

വായന :- 1. പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15.05.2017-ലെ A1-777/17-ാം നമ്പർ കത്തും 12.05.2017-ലെ 13-ാം നമ്പർ ഭരണസമിതി തീരുമാനവും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 12.07.2017-ൽ കൂടിയ യോഗത്തിലെ 3.47 നംപർ തീരുമാനം

## ഉത്തരവ്

2016-17 വർഷം പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പ്രോജക്റ്റ് ഉൾപ്പെടുത്തിയിരുന്നുവെന്നും (പ്രോ.നം.34/2017) ഇതിൽ നാല്ല കുട്ടികളുടെ കോഴ്സ് കഴിഞ്ഞുവെന്നും മലപ്പുറം ജില്ലയിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ഉണ്ടായതിനാൽ ലാപ് ടോപ് നൽകാൻ വൈകിയെന്നും ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നും വായന ഒന്നിലെ കത്തിലൂടെ പുഴക്കാട്ടിരി പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ വായന രണ്ടിലെ തീരുമാനപ്രകാരം 2016-17 വർഷം പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരുന്നതും കോഴ്സ് കഴിഞ്ഞതുമായ നാല്ല കുട്ടികൾക്കു കൂടി ലാപ് ടോപ്പ് നല്കാൻ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് , മലപ്പുറം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ